# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1750 — 14.07.2016-ൽ മറുപടിക്ക്

## കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ടി.എ. റഹീം :** | **ശ്രീ. എ.സി. മൊയ്തീൻ (സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)** |
| (എ) കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്കിന്റെ ബൈലോയിൽ കോഴിക്കോട് താലൂക്ക് പ്രവർത്തന പരിധിയായി, സർക്കാരോ സഹകരണവകുപ്പോ അംഗീകാരം നൽകിയിട്ടുണ്ടോ; | (എ) ബൈലോയിൽ അംഗീകാരം നൽകിയിട്ടില്ല. |
| (ബി) അംഗീകാരമില്ലാത്ത കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്കിന്റെ ഏതെങ്കിലും ശാഖകൾ മറ്റു പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അത് അടച്ചുപൂട്ടുന്നതിന് നിയമപരമായ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) അംഗീകാരമില്ലാതെ കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്കിന്റെ പൂവാട്ട് പറമ്പ് ശാഖ പെരുവയൽ പഞ്ചായത്തിലും, പാലാഴി ശാഖ ഒളവണ്ണ പഞ്ചായത്തിലും പ്രവർത്തിക്കുന്നുണ്ട്. പൂവാട്ട് പറമ്പിൽ ശാഖ ആരംഭിക്കുന്നതിനുള്ള നടപടികൾ നിർത്തിവക്കാൻ സഹകരണ സംഘം രജിസ്ട്രാരുടെ ഓഫീസിൽ നിന്ന് നിർദ്ദേശവും പൂവാട്ട് പറമ്പ്, പാലാഴി ഉൾപ്പെടെ 13 ശാഖകൾ അനുവദിക്കുന്നതിന് ബാങ്ക് നൽകിയ അപേക്ഷ നിരസിച്ച് കൊണ്ട് കോഴിക്കോട് ജോയിന്റ് രജിസ്ട്രാർ ഉത്തരവും നൽകിയിട്ടുണ്ട്. |

| | |
|---|---|
| (സി) കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്കിന് 'സർവ്വീസ്', 'സഹകരണം' എന്ന വാക്കുകൾ ഒഴിവാക്കി കാരശ്ശേരി ബാങ്ക് എന്ന് ബോർഡ് പ്രദർശിപ്പിക്കാൻ സർക്കാരോ സഹകരണ വകുപ്പോ അനുമതി നൽകിയിട്ടുണ്ടോ; വിശദ മാക്കാമോ? | (സി) അനുമതി നൽകിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**